ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 04.10.2023** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. **രാഷ്ട്രവികസനത്തിൽ വൈദ്യുതി ഉത്പാദനത്തിലെ സ്വയംപര്യാപ്തത നിർണായകമാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി; തെലങ്കാനയിൽ 8,000 കോടിയിലേറെ രൂപയുടെ വിവിധ വികസന പദ്ധതികൾ രാഷ്ട്രത്തിന് സമർപ്പിച്ചു.**

   The development of nation depends upon its self-reliant capacity for electricity production says Prime Minister Narendra Modi. multiple development projects worth over Rs 8000 cr dedicates to nation in Telangana.

2. **2023-24 കാലയളവിൽ ഇന്ത്യൻ സമ്പദ് വ്യവസ്ഥ 6.3 ശതമാനം വളർച്ച കൈവരിക്കുമെന്ന് ലോകബാങ്ക്.**

   The World Bank has decided to maintain its growth forecast for India in the fiscal year 2023-24 at 6.3 per cent.

3. **ആയുഷ്മാൻ ഭവ പ്രചാരണ പരിപാടിയുടെ ഭാഗമായി രാജ്യത്ത് 64,000ത്തിലേറെ പേർ അവയവദാന പ്രതിജ്ഞ എടുത്തു.**

   Around 64 thousand people have taken the pledge to donate their organs, under the Ayushman Bhav campaign in the national level.

4. **കേരളത്തിൽ തെക്കൻ ജില്ലകളിൽ മഴ തുടരുന്നു. തിരുവനന്തപുരത്ത് ഇന്ന് എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും അവധി.**

   Rain continues in southern districts of Kerala. Holiday for all educational institutions in Thiruvananthapuram today.

5. **ഏഷ്യൻ ഗെയിംസിൽ മെഡൽവേട്ട തുടർന്ന് ഇന്ത്യ. മികച്ച പ്രകടനം കാഴ്ച വച്ച ഇന്ത്യൻ താരങ്ങളെ പ്രധാനമന്ത്രി അഭിനന്ദിച്ചു.**

   In Asian Games India continue their medal hunt. Prime Minister congratulated the Indian players for their excellent performance.

6. **ഏകദിന ലോകകപ്പ് ക്രിക്കറ്റിന് നാളെ തുടക്കമാകും; ഉദ്ഘാടന മത്സരത്തിൽ ഇംഗ്ലണ്ട് ന്യൂസിലൻഡിനെ നേരിടും.**

   ODI World Cup cricket will begin tomorrow; England will take on New Zealand in the opening match.

## HEADLINE-1

## EVE. PM-TELANGANA

രാഷ്ട്രവികസനത്തിൽ വൈദ്യുതി ഉത്പാദനത്തിലെ സ്വയംപര്യാപ്തത നിർണായകമാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. തെലങ്കാനയിൽ എണ്ണായിരം കോടി രൂപയുടെ വികസനപദ്ധതികൾക്ക് പ്രധാനമന്ത്രി തുടക്കം കുറിച്ചു. ജനജീവിതത്തെയും വ്യാവസായിക അന്തരീക്ഷത്തെയും വൈദ്യുതി ഉത്പാദനത്തിലെ സ്വയംപര്യാപ്തത ഒരേപോലെ സുഗമമാക്കുമെന്നും പ്രധാന്ത്രി പറഞ്ഞു. രാമഗുണ്ടത്ത് എൻടിപിസി 800 മെഗാവാട്ട് സൂപ്പർ താപ വൈദ്യുത പദ്ധതിയുടെ ഒന്നാം ഘട്ടം പ്രധാനമന്ത്രി രാഷ്ട്രത്തിന് സമർപ്പിച്ചു. തെലങ്കാന ഗവർണർ തമിഴിസൈ സൗന്ദരരാജൻ, കേന്ദ്രമന്ത്രി ജി കിഷൻ റെഡ്ഡി തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

## HEADLINE-2

## WORLD BANK INDIA

2023-24 കാലയളവിൽ ഇന്ത്യൻ സമ്പദ്‌വ്യവസ്ഥ 6.3 ശതമാനം വളർച്ച കൈവരിക്കുമെന്ന് ലോകബാങ്ക്. ബാഹ്യമായ പ്രതിസന്ധികൾക്കിടയിലും, ഇന്ത്യ ശക്തമായ സാമ്പത്തിക വളർച്ച തുടരുന്നതായി ലോകബാങ്ക് റിപ്പോർട്ടിൽ പറയുന്നു. ഇന്ത്യയുടെ

വളർച്ചാ പ്രവചനം ഏപ്രിലിൽ 6.6 ശതമാനത്തിൽ നിന്ന് 6.3 ശതമാനമായി ലോകബാങ്ക് കുറച്ചിരുന്നു.

## TELANGANA ELECTION

നിയമസഭാ തിരഞ്ഞെടുപ്പ് മുന്നൊരുക്കങ്ങൾ അവലോകനം ചെയ്യുന്നതിനായി കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ തെലങ്കാനയിലെത്തി. നിയമസഭാ തിരഞ്ഞെടുപ്പിനുള്ള ഒരുക്കങ്ങൾ സംഘം വിലയിരുത്തിത്തുടങ്ങി. മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ രാജീവ് കുമാറിന്റെ നേതൃത്വത്തിലുള്ള സംഘം വിവിധ രാഷ്ട്രീയ കക്ഷികളുടെ പ്രശ്നങ്ങൾ കേട്ടു. ബിജെപി, ബിആർഎസ്, കോൺഗ്രസ്, എഎപി, സിപിഐഎം, ബിഎസ് പി, എംഐഎം തുടങ്ങിയ പാർട്ടികളുടെ പ്രതിനിധികളുമായി തെരഞ്ഞെടുപ്പ് കമ്മീഷൻ കൂടിക്കാഴ്ച നടത്തി. ആറ് ദേശീയ പാർട്ടികളുടെയും നാല് പ്രാദേശിക പാർട്ടികളുടെയും പ്രതിനിധികൾ കമ്മീഷനെ കാണുകയും നിവേദനങ്ങൾ സമർപ്പിക്കുകയും ചെയ്തു. ജില്ലാ കളക്ടർമാരുമായും പോലീസ് സൂപ്രണ്ടുമാരുമായും തിരഞ്ഞെടുപ്പ് കമ്മീഷൻ ഇന്ന് കൂടിക്കാഴ്ച നടത്തും.

## HEADLINE-3

## AYUSHMAN BHAV CAMPAIGN

ദേശീയ തലത്തിൽ കഴിഞ്ഞ മാസം ആരംഭിച്ച ആയുഷ്മാൻ ഭവ പ്രചാരണ പരിപാടിയുടെ ഭാഗമായി 64,000ത്തിലേറെ പേർ അവയവദാന പ്രതിജ്ഞ എടുത്തു. സെപ്റ്റംബർ 17 മുതൽ തിങ്കളാഴ്ച വരെ നടന്ന സേവ പക്വാഡയുടെ ഭാഗമായിട്ടായിരുന്നു ക്യാമ്പയിൻ. അവയവ ദാനത്തിന് കേന്ദ്ര ആരോഗ്യമന്ത്രി മൻസുഖ് മാണ്ഡവ്യയും രജിസ്റ്റർ ചെയ്തു. ക്യാമ്പയിൻ ഏറെ വിജയകരമായിരുന്നതായും രണ്ട് ലക്ഷത്തി 70,000 ആരോഗ്യ മേളകൾ സംഘടിപ്പിച്ചതായും ഒരു കോടി 61

ലക്ഷം പേർ മേള സന്ദർശിച്ച് പ്രയോജനം നേടിയതായും ശ്രീ മാണ്ഡവ്യ പറഞ്ഞു. 64 ലക്ഷം ആയുഷ്മാൻ കാർഡുകൾ വിതരണം ചെയ്തതായും ഒരു കോടി ആഭാ ഐഡി കാർഡുകൾ നിർമിച്ചതായും കേന്ദ്രമന്ത്രി അറിയിച്ചു.

✪✪✪

## INDIA RAIN

ബിഹാർ, ഝാർഖണ്ഡ്, പശ്ചിമ ബംഗാൾ, സിക്കിം, വടക്കൻ ഒഡീഷ എന്നിവിടങ്ങളിൽ ശക്തമായ മഴ തുടരുമെന്ന് കേന്ദ്രകാലാവസ്ഥാ വകുപ്പിന്റെ മുന്നറിയിപ്പ്. വരുന്ന മൂന്നു ദിവസം രാജ്യത്തിന്റെ വടക്ക്- കിഴക്കൻ മേഖലകളിൽ മഴയ്ക്ക് സാധ്യതയുണ്ടെന്നും മുന്നറിയിപ്പിൽ പറയുന്നു.

✪✪✪

## HEADLINE-4

## KERALA-RAIN (INTRO)

കേരളത്തിൽ തെക്കൻ ജില്ലകളിൽ മഴ തുടരുന്നു. ഇന്ന് തിരുവനന്തപുരത്ത് എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും കോട്ടയത്ത് ഭാഗികമായും അവധി പ്രഖ്യാപിച്ചു. ആലപ്പുഴ ജില്ലയിൽ ചേർത്തല താലൂക്കിൽ ദുരിതാശ്വാസ ക്യാമ്പുകൾ പ്രവർത്തിക്കുന്ന സ്കൂളുകൾക്കും അവധി പ്രഖ്യാപിച്ചിട്ടുണ്ട്. കേരള, ലക്ഷദ്വീപ് തീരങ്ങളിൽ മീൻപിടുത്തത്തിന് വിലക്കുണ്ട്.

**വിശദാംശങ്ങളിലേക്ക്.......**

**(വോയ്സ്)**

തിരുവനന്തപുരം ജില്ലയിൽ പ്രൊഫഷണൽ കോളജുകൾ ഉൾപ്പെടെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ഇന്ന് അവധിയാണ്. അസിസ്റ്റന്റ് പ്രിസൺ ഓഫീസർ തസ്തികയിലേക്കുള്ള പി.എസ്.സി. യുടെ കായികക്ഷമതാ പരീക്ഷയാണ് മാറ്റിവെച്ചത്. കോട്ടയം ജില്ലയിൽ ദുരിതാശ്വാസ ക്യാമ്പുകൾ പ്രവർത്തിക്കുന്ന സ്കൂളുകൾക്കും വെള്ളപ്പൊക്ക ബാധിത

പ്രദേശങ്ങളിലെ സ്കൂളുകൾക്കുമാണ് അവധി പ്രഖ്യാപിച്ചിട്ടുള്ളത്. ഇന്ന് കേരളാ തീരത്ത് ഉയർന്ന തിരമാലയ്ക്കും കടലാക്രമണത്തിനും സാധ്യതയുണ്ടെന്ന് കാലാവസ്ഥാ നിരീക്ഷണ കേന്ദ്രത്തിന്റെ മുന്നറിയിപ്പിൽ പറയുന്നു. കഴിഞ്ഞ ദിവസങ്ങളിലുണ്ടായ കനത്തമഴയിൽ തിരുവനന്തപുരം ജില്ലയിൽ 23 വീടുകൾ ഭാഗികമായി തകർന്നു. 43.57 ലക്ഷത്തിന്റെ കൃഷിനാശമുണ്ടായതായാണ് പ്രാഥമിക വിലയിരുത്തൽ. 133 കർഷകരുടെ 6.89 ഹെക്ടറിലെ വിവിധ കാർഷിക വിളകൾ നശിച്ചു. ഏറ്റവും കൂടുതൽ കൃഷിനാശമുണ്ടായത് നെയ്യാറ്റിൻകര ബ്ലോക്കിലാണ്. നെയ്യാറിൽ ജലനിരപ്പ് ഉയർന്നു. കൃഷിയിടങ്ങളിൽ വെള്ളം കയറി. കനത്ത മഴ തുടരുന്നതിനാൽ തിരുവനന്തപുരത്ത് നാല് ദുരിതാശ്വാസ ക്യാമ്പുകളിലായി 80 പേരെ മാറ്റിപാർപ്പിച്ചിട്ടുണ്ട്. ഇന്ന് ഒരു ജില്ലകളിലും പ്രത്യേക മഴമുന്നറിയിപ്പില്ല.

**ന്യൂസ്ഡെസ്ക് ആകാശവാണി...............**

## HOME MINISTRY- NLFT ATTF

നാഷണൽ ലിബറേഷൻ ഫ്രണ്ട് ഓഫ് ത്രിപുര, ഓൾ ത്രിപുര ടൈഗർ ഫോഴ്സ് എന്നിവയെയും അവരുടെ അനുബന്ധ വിഭാഗങ്ങളെയും നിയമവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമപ്രകാരം നിയമവിരുദ്ധ സംഘടനകളായി കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചു. അഞ്ചു വർഷത്തേക്കാണ് നിരോധനം. ഇരു സംഘടനകളുടെയും പ്രവർത്തനങ്ങൾ ഇന്ത്യയുടെ പരമാധികാരത്തിനും അഖണ്ഡതയ്ക്കും ഹാനികരമാണെന്നും അവ നിയമവിരുദ്ധമായ സംഘടനകളാണെന്നും ആഭ്യന്തര മന്ത്രാലയം വിജ്ഞാപനത്തിൽ അറിയിച്ചു. തങ്ങളുടെ ലക്ഷ്യങ്ങൾ നേടിയെടുക്കാൻ അവർ ജനങ്ങൾക്കിടയിൽ ഭീകരതയും അക്രമവും പ്രചരിപ്പിക്കുന്നുവെന്നും മന്ത്രാലയം പറഞ്ഞു.

## TRAIN RESCHEDULED

ഇന്ന് പുലർച്ചെ 4.50-ന് കൊച്ചുവേളിയിൽ നിന്നും പുറപ്പെടേണ്ടിയിരുന്ന അമൃത്സർ ജങ്ഷൻ പ്രതിവാര എക്സ്പ്രസ് ട്രയിൻ രണ്ട് മണിക്കൂർ 55 മിനിറ്റ് വൈകി ഓടും. രാവിലെ 7.45-ന് ട്രയിൻ പുറപ്പെടുമെന്ന് റെയിൽവെ അറിയിച്ചു.

## WORLD ANIMAL WELFARE DAY

ഇന്ന് ലോക മൃഗ സംരക്ഷണ ദിനം. ലോകമെമ്പാടുമുള്ള മൃഗങ്ങളുടെ അവകാശങ്ങളും ക്ഷേമവും ലക്ഷ്യമിട്ടു എല്ലാ വർഷവും ഒക്ടോബർ 4-ന് മൃഗ സംരക്ഷണ ദിനമായി ആചരിക്കുന്നു. ലോക മൃഗ സംരക്ഷണ ദിനത്തോടനുബന്ധിച്ചു മൃഗങ്ങളുടെ സങ്കീർണ്ണമായ ജീവിതങ്ങളെ മനസ്സിലാക്കാനും പരിഗണിക്കാനും ജനങ്ങളെ സഹായിക്കുന്നതിന് വിവിധ പ്രചാരണ പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്. മൃഗക്ഷേമവും സംരക്ഷണവും ഉയർത്തിക്കാട്ടാൻ ലോക മൃഗദിനം പോലുള്ള അവബോധ ദിനങ്ങൾ സഹായിക്കുന്നു.

## ASIAN GAMES (INTRO)

ഹാങ്ഷൂ ഏഷ്യൻ ഗെയിംസിൽ മെഡൽ വേട്ട തുടർന്ന് ഇന്ത്യ. രണ്ട് സ്വർണവും, രണ്ട് വെള്ളിയും, നാല് വെങ്കലവുമാണ് ഇന്നലെ ഇന്ത്യ നേടിയത്.

**വിശദാംശങ്ങളിലേക്ക്..............**

**(വോയ്സ്.....)**

ചൈനയിലെ ഹാങ്ഷൂവിൽ നടക്കുന്ന ഏഷ്യൻ ഗെയിംസിൽ മെഡൽ വേട്ട തുടർന്ന് ഇന്ത്യ. ഇതുവരെ 15 സ്വർണവും, 26 വെള്ളിയും, 28 വെങ്കലവും ഉൾപ്പെടെ 69 മെഡലുകൾ സ്വന്തമാക്കി ഇന്ത്യ നാലാം സ്ഥാനത്ത് തുടരുകയാണ്. വനിതകളുടെ ജാവലിൻത്രോയിൽ ഇന്ത്യയുടെ അന്നുറാണിയും വനിതകളുടെ 5,000 മീറ്റർ ഓട്ടത്തിൽ പാരുൾ ചൗധരിയും

സ്വർണം നേടി. 800 മീറ്റർ ഓട്ടത്തിൽ മലയാളിതാരം മുഹമ്മദ് അഫ്സൽ വെള്ളി നേടി. പുരുഷന്മാരുടെ ഡെക്കാത്തലോണിൽ തേജസ്വിൻ ശങ്കറും ദേശിയ റെക്കോഡോടെ വെള്ളി മെഡൽ നേടി. വനിതകളുടെ 400 മീറ്റർ ഹർഡിൽസിൽ വിദ്യ രാംരാജ് വെങ്കലം സ്വന്തമാക്കി. ബോക്സിങ് 54 കിലോഗ്രാം വനിതാ വിഭാഗത്തിൽ പ്രീതി പവാറും, 92 കിലോഗ്രാം പുരുഷവിഭാഗത്തിൽ നരേന്ദറും വെങ്കലം നേടി. ബോക്സിങ് 75 കിലോഗ്രാം വനിതാ വിഭാഗത്തിൽ ഇന്ന് തായ് ലാഡിനെ പരാജയപ്പെടുത്തി ഫൈനലിലെത്തിയ ഇന്ത്യയുടെ ലൗലിന ബൊർഗൊഹൈൻ പാരിസ് ഒളിമ്പിക്സിലേക്കും യോഗ്യത നേടി. ഏഷ്യൻ ഗെയിംസിൽ മികച്ച പ്രകടനം കാഴ്ച വച്ച ഇന്ത്യൻ താരങ്ങളെ സാമൂഹിക മാധ്യമത്തിലൂടെപ്രധാനമന്ത്രി നരേന്ദ്രമോദി അഭിനന്ദിച്ചു. 297 മെഡലുകളുമായി ചൈനയാണ് ഒന്നാം സ്ഥാനത്ത്.

**ന്യൂസ് ഡെസ്ക് ആകാശവാണി...............**

## HEADLINE-6

## WORLD CUP-CRICKET

ഏകദിന ലോകകപ്പ് ക്രിക്കറ്റിന് നാളെ തുടക്കമാകും. അഹമ്മദാബാദിൽ നടക്കുന്ന ഉദ്ഘാടന മത്സരത്തിൽ ഇംഗ്ലണ്ട് ന്യൂസിലൻഡിനെ നേരിടും. ഉച്ചയ്ക്ക് രണ്ട് മണിയ്ക്കാണ് മത്സരം. ഇന്നലെ കാര്യവട്ടം ഗ്രീൻ ഫീൽഡ് സ്റ്റേഡിയത്തിൽ നടക്കാനിരുന്ന ഇന്ത്യ - നെതർലൻഡ്സ് ലോകകപ്പ് സന്നാഹ മത്സരം കനത്ത മഴയെത്തുടർന്ന് ഉപേക്ഷിച്ചിരുന്നു.

## CLEANLINESS DRIVE

ഞായറാഴ്ച "ഏക് താരീഖ് ഏക് ഘണ്ടാ ഏക് സാത്ത്" പദ്ധതിയുടെ ഭാഗമായി നടന്ന മെഗാ ശുചിത്വ യജ്ഞത്തിൽ രാജ്യത്തുടനീളമുള്ള ഏകദേശം 8.75 കോടിജനങ്ങൾ പങ്കെടുതാതായി കേന്ദ്ര ഭവന, നഗരകാര്യ മന്ത്രാലയം അറിയിച്ചു. ജനങ്ങളുടെ കൂട്ടായ

പ്രവർത്തനമാണ് എല്ലാ സ്ഥലങ്ങളിലും ദൃശ്യമായതെന്നു മന്ത്രാലയം പ്രസ്താവനയിൽ പറഞ്ഞു.

## ASSAM GOVERNMENT

അസമിലെ അഞ്ച് തദ്ദേശീയ മുസ്ലിം സമുദായങ്ങളുടെ സാമൂഹിക-സാമ്പത്തിക വിലയിരുത്തലിനുള്ള പ്രക്രിയയ്ക്ക് തത്വത്തിൽ അനുമതി നൽകി. ഗോറിയ, മോറിയ, ദേശി, സയ്യിദ്, ജോൽഹ എന്നീ വിഭാഗങ്ങളെയാണ് വിലയിരുത്തുന്നത്. മുഖ്യമന്ത്രി ഹിമന്ത ബിശ്വ ശർമയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിലാണ് അനുമതി.

## NEDUMBASSERY

ശരീരത്തിനുള്ളിലും വസ്ത്രത്തിലുമായി സ്വർണം ഒളിപ്പിച്ച് കടത്തിയ രണ്ട് സ്ത്രീകൾ നെടുമ്പാശേരി വിമാനത്താവളത്തിൽ കസ്റ്റംസിന്റെ പിടിയിലായി. ദുബായിൽ നിന്നെത്തിയ തൃശൂർ സ്വദേശിനി 55 ലക്ഷം രൂപ വില മതിക്കുന്ന സ്വർണവും അബുദാബിയിൽ നിന്നെത്തിയ മലപ്പുറം സ്വദേശിനി 37 ലക്ഷം രൂപ വില വരുന്ന സ്വർണവുമാണ് കടത്താൻ ശ്രമിച്ചത്.

## SILPASALA

കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി പട്ടികജാതി, പട്ടികവർഗ പിന്നാക്കക്ഷേമ വകുപ്പിന്റെ സഹകരണത്തോടെ ഗോത്രവിദ്യാർത്ഥികൾക്കായി സംഘടിപ്പിക്കുന്ന അഞ്ചു ദിവസത്തെ ചലച്ചിത്രശിൽപശാലയ്ക്ക് ഇന്ന് തുടക്കമാകും. വൈലോപ്പിള്ളി സംസ്കൃതിഭവനിൽ രാവിലെ 10.30ന് മന്ത്രി സജി ചെറിയാൻ ഉദ്ഘാടനം നിർവഹിക്കും.

## PM-SVANIDHI

50 ലക്ഷത്തിലേറെ വഴിയോര കച്ചവടക്കാർക്ക് സഹായം ലഭ്യമാക്കി പ്രധാനമന്ത്രി സ്വാനിധി പദ്ധതി. കേന്ദ്ര ഭവന നഗര കാര്യമന്ത്രാലയമാണ് പദ്ധതി നടപ്പാക്കുന്നത്. 66 ലക്ഷം വായ്പകളിലായി 8600 കോടി രൂപ 50 ലക്ഷം വഴിയോര കച്ചവടക്കാർക്ക് വിതരണം ചെയ്തിട്ടുണ്ട്.